# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 422

06.03.2012-ൽ മറുപടിയ്ക്ക്

### അതിവേഗ റെയിൽപ്പാത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വർക്കല കഹാർ :<br>ശ്രീ. റ്റി.എൻ. പ്രതാപൻ :<br>ശ്രീ. സണ്ണി ജോസഫ് :<br>ശ്രീ. പി.സി. വിഷ്ണുനാഥ് : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തു നടപ്പാക്കുന്ന അതിവേഗ റെയിൽപ്പാതയ്ക്ക് അനുകൂലമായ സമീപനം കേന്ദ്ര ഗവൺ മെന്റ് സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) കേന്ദ്ര സർക്കാർ അനുകൂലമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി 20.01.2012-ൽ ഡൽഹിയിൽ വിളിച്ചുചേർത്ത ബന്ധപ്പെട്ട- -വരുടെ യോഗത്തിലും അതിനുശേഷം മുഖ്യമന്ത്രി, പ്രധാനമന്ത്രിയും മറ്റു ബന്ധപ്പെട്ട മന്ത്രിമാരുമായി നടത്തിയ ചർച്ചകളിലും കേന്ദ്ര സർക്കാർ അനുകൂലമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ഇതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ ആരെയാണു ചുമതലപ്പെടുത്തിയിട്ടുള്ളത് ; | (ബി) വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കു -വാനുള്ള ചുമതല Delhi Metro Rail Corporation നെയാണ് ഏൽപ്പിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |
| (സി) ഈ പദ്ധതിയുടെ ധനസമാഹരണം എങ്ങനെ നടത്താനാണ് ഉദ്ദേശിക്കുന്നത് ; | (സി) പദ്ധതിയുടെ ധനസമാഹരണത്തിന്റെ കാര്യങ്ങൾ, വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭിച്ചതിനുശേഷം മാത്രമേ തീരുമാനിക്കുകയുള്ളു. |
| (ഡി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ? | (ഡി) ഈ പദ്ധതി നടത്തിപ്പിനായി കേരള സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിൽ Kerala High Speed Rail Corporation Ltd. എന്ന കമ്പനി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ